## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുരോപ്പട ഗ്രാമപഞ്ചായത്ത് - 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.1, 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8, 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 3568 /15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/11/15

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 07/03/2015-ലെ എം3-5945/15 നമ്പർ കത്തും 16/06/2015-ലെ എം3-16566/15 നമ്പർ കത്തും.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29/09/2015-ലെ L.F. 9096/P.T1/15 നമ്പർ കത്തും 25/07/2015-ലെ L.F. 5665/P.T1/15 നമ്പർ കത്തും.

### ഉത്തരവ്

കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 1997-1998 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1 പ്രകാരം പദ്ധതിവിഹിതയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക തെറ്റായി മറ്റൊരു പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ഒടുക്കപ്പെടുകയും ആയത് യഥാസമയം കണ്ടെത്താതെവരികയും ചെയ്തുമൂലം പഞ്ചായത്തിന് 7,80,000 രൂപ(എഴുലക്ഷത്തിഎൺപതിനായിരം രൂപ മാത്രം) നഷ്ടമായതിനാൽ പ്രസ്തുത തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു. 2002-2003 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം വിവിധ പ്രൊജക്ടുകളിൽ വകയിരുത്തിയ തുക ചെലവഴിച്ചതു സംബന്ധിച്ച് മസ്റ്റർ റോളിൽ വ്യക്തവും വിശദമായ വിവരം എഴുതിച്ചേർക്കാത്തതിനാൽ 74,630(എഴുപത്തിനാലായിത്തി അറന്നൂറ്റിമുപ്പത് രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡ് നൽകി അനുമോദിക്കാൻ വേണ്ടി ചെലവഴിച്ച 9907(ഒമ്പതിനായിരത്തിതൊള്ളായിരത്തിഏഴ് രൂപ) രൂപ ആവശ്യമായ ചെലവുരേഖളുടെ അഭാവത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ്

സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-2,3,2.1 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആയതിനാൽ പതിനഞ്ചോളം വർഷങ്ങൾക്കുമുമ്പാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ കാലപ്പഴക്കം പരിഗണിച്ചും പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്തിൻറെ 1997-1998 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1 ,2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3, 2002-2003 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 7,80,000 രൂപ(എഴുലക്ഷത്തി എൺപതിനായിരം രൂപ മാത്രം), 9,907,(ഒമ്പതിനായിരത്തി തൊള്ളായിരത്തിയേഴ് രൂപ മാത്രം )രൂപ, 74,630/-(എഴുപത്തിനാലായിത്തി അറന്നൂറ്റിമുപ്പത് രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.വിജയൻ
ഡപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, കുരോപ്പട ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ